**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 889</u>** **<u>26-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്ന പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പ്രവൃത്തികളുടെ വിവരം നിലവിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പ്രവൃത്തികളുടെ വിവരം നിലവിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് ബില്ലുകൾ മാറിനൽകുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ? | (സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നടപ്പാക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ച ബില്ല് സമർപ്പിക്കുന്നതിന്റെ മുൻഗണന ക്രമം പാലിച്ചുകൊണ്ടാണ് ബില്ല് തുക അനുവദിച്ച് വരുന്നത്. ഭരണാനുമതി കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്ന പ്രവർത്തികൾ പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കുന്ന വേളയിൽ കാലതാമസം മാപ്പാക്കി ബില്ല് തുക അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർ സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും അത്തരം കേസുകൾ പ്രത്യേകമായി പരിശോധിച്ച് കാലതാമസം മാപ്പാക്കി ബില്ല് തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ